പ്രേഷകൻ

കൺവീനർ &ഇന്റേണൽവിജിനലൻസ് ഓഫീസർ (ഐ വിഭ-5)

സിറ്റിസൺഅസിസ്റ്റൻറ് ഉപജില്ലാ അദാലത്ത് സമിതി

തദ്ദേശ സ്വയംഭരണവകുപ്പ്

കണ്ണൂർ

സ്വീകർത്താവ്

സെക്രട്ടറി

മാലൂർ ഗ്രാമപഞ്ചായത്ത്

പി ഒ മാലൂര്

കണ്ണൂർ

സർ

വിഷയം-സ്ഥിരം അദാലത്ത്-കൊല്ലന്നോൻ സഹജൻ എന്നവരുടെ കെട്ടിട നിർമ്മാണ

അനുമതിക്കുള്ള അപേക്ഷ-സംബന്ധിച്ച്

സൂചന-1) ശ്രീ കൊല്ലന്നോന് സഹജൻ എന്നവർ 17/05/2023 ന് മാലൂര് ഗ്രാമപഞ്ചായത്തില്

സമർപ്പിച്ച കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള 2529/2023 നമ്പര് അപേക്ഷ

2) സിറ്റിസൺഅസിസ്റ്റൻറ് ഉപജില്ലാ അദാലത്ത് സമിതിയുടെ 27/07/2023 ലെ

തീരുമാനം

സൂചന 1 അപേക്ഷയിന്മേൽ മാലൂർ ഗ്രാമപഞ്ചായത്ത് ഓവർസിയറുടെ അന്വേഷണ റിപ്പോർട്ടിൽ കണ്ടെത്തിയ കാര്യങ്ങള് ഉപസമിതി നേരിട്ട് സ്ഥലം സന്ദർശിച്ച് പരിശോധന നടത്തുകയുണ്ടായി. ഓവർസിയറുടെ 07/06/2023 ലെ റിപ്പോർട്ടിൽ നിർദ്ദിഷ്ട കെട്ടിടം നിർമ്മിക്കുവാനുള്ള പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങള് സ്ട്രീറ്റിൽ നിന്നും നിയമാനുസൃത അകലം പാലിക്കാത്തതിനാൽ അനധികൃതമാണെന്നും പ്രസ്തുത അനധികൃത നിർമ്മാണം ഉള്ളതിനാൽ നിർദ്ദിഷ്ട കെട്ടിടത്തിന് നിർമ്മാണ അനുമതി നല്കാൻ സാധിക്കുകയില്ല എന്നും സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്ലോട്ടിൽ നിലവിലുള്ളത് രണ്ട് അനുബന്ധ കെട്ടിടങ്ങള് (ആക്സസറി ബിൽഡിംഗ്) ആണെന്നും വടക്കെ അതിരിനോട് ചേർന്ന അനുബന്ധ കെട്ടിടം അതിരിൽ നിന്നും 1 മീ അകലം പാലിക്കുന്നുണ്ടെന്നും കിഴക്കെ അതിരിനോട് ചേർന്ന അനുബന്ധ കെട്ടിടം പ്ലോട്ട് അതിരിൽനിന്നും 1.10 മീ അകലം പാലിക്കുന്നുണ്ടെന്നും സമിതി നേരിട്ടുള്ള പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ഓവർസിയറുടെ റിപ്പോർട്ടിൽ മേൽപറഞ്ഞ രണ്ട് അനുബന്ധ കെട്ടിടങ്ങളും "തെരുവിൽ നിന്ന് ഉണ്ടായിരിക്കേണ്ട നിശ്ചിത അകലം

പാലിക്കാതെ " യാണ് നിർമ്മിച്ചിട്ടുള്ളത് എന്നാണ് ചൂണ്ടികാണിച്ചിട്ടുള്ളത്. സമിതിയുടെ നേരിട്ടുള്ള പരിശോധനയിൽ വടക്കെ അതിര് നിലവിൽ സ്ട്രീറ്റോ വഴിയോ അല്ലെന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. കിഴക്കെ അതിരിനോട് ചേർന്ന് നടവഴി 1 മീ വീതിയും 31 മീ നീളവുമുള്ളതും പ്ലോട്ടിൻറെ വടക്ക് ഭാഗത്തെ ഒരു സ്വകാര്യ വ്യക്തിയുടെ വീട്ടിലേക്ക് മാത്രം ഉപയോഗിച്ച് വരുന്ന നടവഴി മാത്രമാണ്. ആയത് "സ്ട്രീറ്റ്" ആയി കണക്കാക്കാവുന്നതല്ല. പ്രസ്തുത നടവഴിയോട് ചേർന്ന അപേക്ഷകൻറെ പ്ലോട്ടതരിൽ നിന്നും നിലവിലുള്ള അനുബന്ധ കെട്ടിടത്തിലേക്ക് 1.10 മീ സെറ്റ് ബാക്ക് ഉള്ളതിനാൽ കെ പി ബി ആർ 2019 ചട്ടം 67 പാലിച്ച് കൊണ്ടുള്ള പ്രസ്തുത ആക്സസറി ബിൽഡിംഗ് അനധികൃത കെട്ടിടമായി കണക്കാക്കാൻ സാധിക്കുകയില്ല എന്നും സമിതി നിരീക്ഷിക്കുന്നു. രണ്ട് അനുബന്ധ കെട്ടിടങ്ങളും അനധികൃതമല്ല എന്ന് സമിതിക്ക് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ശ്രീ കൊല്ലന്നോൻ സഹജൻ എന്നവരുടെ അപേക്ഷ പരിഗണിച്ച് വീട് നിർമ്മാണ പ്രവൃത്തി ക്രമവത്കരിച്ച് തുടർ നിർമ്മാണത്തിനുള്ള അനുമതി നല്കാവുന്നതാണ് എന്ന് ഉപജില്ല (5) അദാലത്ത് സമിതി നിർദ്ദേശിക്കുന്നു.

കണ്ണൂർ

27/07/2023

വിശ്വസ്തതയോടെ

27/7/23

ബാബുരാജൻ വി പി

കൺവീനർ &ഇൻ്റേണൽ വിജിലൻസ് ഓഫീസർ (ഐ വിങ-5)

സിറ്റിസൺഅസിസ്റ്റൻറ് ഉപജില്ലാ അദാലത്ത് സമിതി

തദ്ദേശ സ്വയംഭരണവകുപ്പ്

കണ്ണൂർ